Vol. 2, Issue :5

Parish Bulletin

# Stephanian

St. Stephens Indian Orthodox Congregation

Kuwait

May 2015



കർത്താവിൽ പ്രിയരെ,

മനുഷ്യകുലത്തിന്റെ വിമോചകനായ യേശുക്രിസ്തുവിന്റെ മഹത്വീകരണത്തിന്റെ സുദിനമാണ് സ്വർഗ്ഗാരോഹണ പെരുന്നാളായി പരിശുദ്ധ സഭ കൊണ്ടാടുന്നത്. പുനരുത്ഥാനത്തിന് ശേഷം ക്രിസ്തു 40 ദിവസം വിവിധ സന്ദർഭങ്ങളിലായി ശിഷ്യന്മാർക്ക് പ്രത്യക്ഷനാവുകയും അവരുടെ ഭയവും നിരാശയും അകററി അവരെ സ്വർഗ്ഗീയ സമാധാനത്തിൽ പ്രത്യാശ ഉളളവരാക്കുകയും ചെയ്തു. ഉയിർപ്പിന് ശേഷമുള്ള 40-ാം ദിവസം ക്രിസ്തു മഹത്വത്തോടുകൂടി തന്റെ പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനാകുവാൻ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു. യേശുവിന്റെ സ്വർഗ്ഗാരോഹണ ത്തെക്കുറിച്ചുള്ള വിവരണം നാം കാണുന്നത് വി. ലൂക്കോസിന്റെ സുവിശേഷത്തിലാണ് (24:50-53). യേശു തന്റെ ശിഷ്യന്മാരെ ബഥാന്യയോളം കൂട്ടികൊണ്ടു പോയി കൈ ഉയർത്തി അവരെ അനുഗ്രഹിക്കുകയിൽ അവൻ അവരെ വിട്ടുപിരിഞ്ഞ് സ്വർഗ്ഗാരോഹണം ചെയ്തതായി കാണുന്നു. മനുഷ്യാവതാരത്തിലൂടെ ദൈവം താണിറങ്ങി മനുജനായി അവതരിച്ചുവെങ്കിൽ സ്വർഗ്ഗാരോഹണ ത്തിലൂടെ മനുഷ്യകുലത്തിന് സ്വർഗ്ഗത്തിലേക്കുള്ള പ്രവേശന കവാടം തുറന്നു തന്നു. നാം വിശ്വസ്തരും യഥാർത്ഥ ക്രിസ്തിയ ജീവിതത്തിന് ഉടമകളുമാണെങ്കിൽ സ്വർഗ്ഗീയ പിതാവിനോടൊപ്പം നമുക്കു വാസസ്ഥലം സുനിശ്ചിതമാണെന്ന് സ്വർഗ്ഗാരോഹണം സാക്ഷ്യപ്പെടുത്തുന്നു. സ്വർഗ്ഗാരോഹണം ഒന്നിച്ചുകൂടലിന്റെ ഒരു അനുഭവം ആണ്. യേശു പിതാവിങ്കൽ നിന്ന് വന്ന് നഷ്ടപ്പെട്ടുപോയ മനുഷ്യകുലത്തെ വീണ്ടെടുത്ത് തന്റെ പിതാവുമായി രമ്യപ്പെടുത്തിയതിനു ശേഷം പിതൃസന്നിധിയിലേക്ക് ആരോഹണം ചെയ്തു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം മൂലം നമുക്ക് സിദ്ധിച്ചിരിക്കുന്നത് ഏറെ അനുഗ്രഹങ്ങളാണ്. (1) യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണമാണ് പെന്തിക്കോസ്തി ദിനത്തിലെ പരിശുദ്ധാത്മാവിന്റെ ആഗമനത്തിനും മനുഷ്യരോടൊപ്പമുള്ള നിരന്തര വാസത്തിനും മുഖാന്തരമായത് (ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം, ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും(വി. യോഹ 14:16, 15:26, 16:7)). (2) ദൈവം മുമ്പാകെ നമുക്കായി പക്ഷവാദം ചെയ്യുവാൻ ക്രിസ്തു മദ്ധ്യസ്ഥനായി നിലകൊള്ളുന്നു എന്ന് സ്വർഗ്ഗാരോഹണം ഉറപ്പുനൽകുന്നു. (താൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർ ക്കുവേണ്ടി പക്ഷവാദം ചെയ്യുവാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു (എബ്രാ. 7:25). (....നിത്യ അവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്ക് ലഭിക്കേണ്ടതിന് അവൻ പുതിയനിയമത്തിന്റെ മദ്ധ്യസ്ഥനാകുന്നു (എബ്രാ.9:15)).

(3) സ്വർഗ്ഗാരോഹണം കർത്താവ് രണ്ടാമത് വരും എന്നതിന് ഉറപ്പും പ്രത്യാശയും നൽകുന്നു. (അ. പ്ര. 1:11) ഗലീലാ പുരുഷന്മാരെ നിങ്ങൾ ആകാശത്തിലേക്കു നോക്കി നിൽക്കുന്നതെന്ത്? നിങ്ങളെവിട്ട് സ്വർഗ്ഗാരോഹണം ചെയ്ത യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും എന്ന് പറഞ്ഞു. (യോഹ 14:3) ഞാൻ പോയി സ്ഥലം ഒരുക്കിയാൽ.... പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും.

ഉയിർപ്പിന് ശേഷമുള്ള 50-ാം ദിവസം പെന്തിക്കോസ്തി പെരുന്നാളായി നാം ആചരിക്കുന്നു. സ്വർഗ്ഗാരോഹണത്തിന് ശേഷം കർത്താവിന്റെ കല്പന പ്രകാരം പ്രാർത്ഥനാ നിരതരായി മർക്കോസിന്റെ മാളികയിൽ കൂടിയിരുന്ന ശിഷ്യസമൂഹത്തിന് അഗ്നിനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങി ആവസിച്ച് അവരിൽ ആത്മീയ ശക്തി നിറച്ച ദിവസമാണ് പെന്തിക്കോസ്തി (അ. പ്ര. 2:1-4). ആയതു കൊണ്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ച് സഭ ശക്തിയോടെ ആരംഭം കുറിച്ചതിന്റെ സജീവ സ്മരണകൂടി പെന്തിക്കോസ്തി പെരുന്നാളിൽ നാം കൊണ്ടാടുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ മുഖപ്രസന്നതയോടെ അവനെ വരവേൽക്കുവാൻ ആശ്വസപ്രദനായ പരിശുദ്ധാത്മാവ് നമ്മെ ഏവരെയും വഴിനടത്തട്ടെ, പ്രാപ്തരാക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്തു കൊണ്ട്

സ്നേഹപൂർവ്വം,

Vicar : Fr.Saju Philip, Mob. - 60696128 / 24347327

# Prayer Meeting Schedule for May.-2015


**Prayer Group General Secretary : Mr. Mathews Oommen - 69950722**

| | | | | | | (Time -pm) |
|---|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243** | | | | | | |
| 01-05 | Mr. Mathews Oommen | Behind Tele Communication | Flr. 01 | Flat 07 | 69950722 | 5:00 |
| 08-05 | Mr. Liju George Mathew | Address Build Near Chachoo's | 08 | 44 | 97217118 | 5:00 |
| 15-05 | Mr. Binu P. Thomas | Opp. Unique store Behind Chachoo's | 02 | 12 | 99169720 | 5:00 |
| 29-05 | Mr. Binu K Mathew | Apsara Bazar Building | 09 | 68 | 99743898 | 5:00 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242** | | | | | | |
| 01-05 | Mr. Varghese Essow | Opposite to Al Razi Pharmacy | 06 | 23 | 24315249 | 5:00 |
| 08-05 | Mr. Sunoj Thankachen | Beside Total Work Shop | 03 | 14 | 24344142 | 5:00 |
| 15-05 | Mr. Saju Stephen Thomas | Civilized Store Building | 02 | 05 | 24311029 | 5:00 |
| 22-05 | Mr. Jose George | Opposite to Sub Station | 04 | 19 | 24316560 | 5:00 |
| 29-05 | Mr. John Varghese | Opposite to Euro Asia Travels | 05 | 19 | 24311372 | 5:00 |
| **St. Dionysius Prayer (Abbasiya) Secretary : Mr. Robin Abraham - 65087056** | | | | | | |
| 01-05 | Mr. Benoy Mathew | Uniq Store No.2 Bldg. | 04 | 16 | 9975 4977 | 5:30 |
| 08-05 | Mr. Jobin Mathew | Near Paradise Rest. Bldg. | 01 | 08 | 9711 4326 | 5:30 |
| 15-05 | Mr. Mohan J Varghese | Near Holy Star Bldg. | 07 | 19 | 9988 1329 | 5:30 |
| 22-05 | Mr. Shine Mathew | Backside Bldg. of Queen's Beauty Parlour | 02 | 08 | 9663 2215 | 5:30 |
| 29-05 | Mr. Sajan Mathew | Near Pulari Fabrics Bldg. | 06 | 23 | 6994 3536 | 5:30 |
| **St. George Prayer (Abbasiya) Secretary : Mr. Shibu Abraham - 96629861** | | | | | | |
| 01-05 | Mr. Sunu Koshy Ninan | Madan Saloon Bldg. | GF | 33 | 97654708 | 5:30 |
| 08-05 | Mr. John Mathew | Madan Saloon Bldg. | GF | 34 | 65684268 | 5:30 |
| 15-05 | Mr. Jobin P Kuriakose | Maliackal Jewellery Bldg. | 06 | 22 | 96641754 | 5:30 |
| 22-05 | Mr. Rony Jacob | Near Hada Centre | GF | 23 | 98930808 | 5:30 |
| 29-05 | Mr. Joseph Mathew | Near Anwar Supermarket | 02 | 05 | 99285523 | 5:30 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 50322192** | | | | | | |
| 08-05 | Mr. Binoy M John | Bldg # 30, New Reggai | 02 | 07 | 66260430 | 7:30 |
| 22-05 | Mr. Aju M Thomas | Bdlg. # 25, Near Vijaya Rest., New Reggai | 02 | 08 | 66023802 | 7:30 |
| **St. Thomas Prayer (Farwaniya & Khaitan) Secretary : Mr. Cherian V.T - 99285095** | | | | | | |
| 01-05 | Mr. Mintu Samuel | Opp. New Abba Dental Clinic, Blk 1, Farwaniya | 09 | 44 | 69615890 | 7:00 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 51077900** | | | | | | |
| 15-05 | Mr. Lijen Thankachan | Near Kalabhavan Bldg., Blk 10, Bldg 6, Salmiya | 04 | 16 | 97892277 | 6:30 |

**Media & Publicity Co-ordinator : Mr. Saju Stephen Thomas**

## HAPPY BIRTHDAY

## HEARTFUL WISHES



Ephraim Shynu Philip, Ephron Shynu Philip, Paul Mathew Anoop, Joel Chandy Jose, Angela Sara John, Anubiya Anna Riju, Sera Elsa Alexandar, Mevita Anna Reji, Philip Mathew Biju

## വി. ഗീവർഗീസ് സഹദാ മദ്ധ്യസ്ഥന്മാരിൽ ശ്രേഷ്ഠൻ

1. വിശ്വാസത്തിനുവേണ്ടി സഹദാ മരണം പ്രാപിച്ചവർ ഉദാ. വി.സ്തേഫാനോസ്, വി. ഗീവറുഗീസ് ആദിയായവർ.
2. വിശ്വാസത്തിനുവേണ്ടി മരണം ഒഴികെയുള്ള പീഢ അനുഭവിച്ചവർ ഉദാ. മൗദ്യാനന്മാർ
3. സത്യവിശ്വാസം പഠിപ്പിച്ച വിശ്വാസ വീരന്മാർ ഉദാ: അത്താനാസിയോസ്, വി. കൂറിലോസ് ആദിയായവർ
4. വിശുദ്ധജീവിതം നയിച്ച് സ്വഭാവിക മരണം പ്രാപിച്ച ദയറാക്കാർ ഉദാ.; അന്തോനിയോസ്, പക്കോമിയോസ് ആദിയായവർ

വി. സഭയിലെ ചില പരിശുദ്ധന്മാർ മുകളിൽ സൂചിപ്പിച്ച ഒന്നിലധികം വിഭാഗത്തിൽ പെടുന്നവരാണ് ഉദാ.: പ. ബസേലിയോസ്, പ. പരുമല മാർ ഗ്രിഗോറിയോസ്, പ. മോർ ദിവന്നാസിയോസ് എന്നിവർ മുൻ വിഭാഗത്തിൽ ഉളളതായ 3, 4 എന്നിവയിൽ പെടുന്നവരാണ്. ദീർഘകാലത്തെ നിരീക്ഷണങ്ങളു ടെയും അനുഭവസാക്ഷ്യങ്ങളുടെയും വെളിച്ചത്തിൽ ആണ് ഒരു വ്യക്തി പരിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്നത്. അങ്ങനെയുള്ളവർക്ക് റോമൻ സഭയുടെയും മലങ്കര ഓർത്തഡോക്സ് സഭയുടെയും പാരമ്പര്യങ്ങളിൽ അതിശ്രേഷ്ഠമായ ഏഴു പദവികൾ ലഭിക്കുന്നതായി കാണുന്നു. അവ താഴെ പറയുന്നവയാണ്.

1. കുർബാന തക്സാകളിൽ അദ്ദേഹത്തിന്റെ പേര് ഓർക്കപ്പെടുന്നു.
2. സഭയുടെ പൊതു പ്രാർത്ഥനകളിൽ ആ പരിശുദ്ധന്റെ മദ്ധ്യസ്ഥതയ്ക്കുവേണ്ടി യാചിക്കുന്നു.
3. പള്ളികളും, ത്രോണോസുകളും ആ പരിശുദ്ധന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെടുന്നു.
4. ബലിപീഠത്തിനുമുകളിൽ അവരുടെ ചിത്രം വയ്ക്കുന്നു.
5. ഭൗതീക അവശേഷിപ്പുകൾ പ്രത്യേക പാത്രങ്ങളിൽ അടയ്ക്കപ്പെട്ട് വണക്കത്തിന് വയ്ക്കുന്നു.
6. പള്ളികളിൽ അവരുടെ മരണ ദിനം പെരുന്നാൾ ആയി ആഘോഷിക്കുന്നു.
7. അവരുടെ ബഹുമാനാർത്ഥം വി. കുർബാന അണയ്ക്കപ്പെടുന്നു.

നാം വണങ്ങുകയും ബഹുമാനിക്കുകയും ചെയ്യുന്ന വി. ഗീവർഗ്ഗീസ് സഹദായെ നാം ഭക്തി ആദരവോടുകൂടി കാണുകയും ബഹുമാനിക്കുകയും ചെയ്യുന്നത് ആയതിനാകുന്നു. വിശുദ്ധനായ മോർഗീവർഗീസ് സഹദാ തദ്ദേശീയനല്ലാത്ത ഒരു വിശുദ്ധനാകുന്നു. ഗ്രീക്ക് ഓർത്തഡോക്സ് സഭ അദ്ദേഹത്തെ മെഗാലോ മാർട്ടിസ് (Great Martyr) എന്നാണ് വിളിക്കുന്നത്. അദ്ദേഹം ഒരു പട്ടാളക്കാരൻ ആയിരുന്നതിനാൽ അദ്ദേഹത്തെ പൊതുവെ Patron of the Militrog men (പടയാളികളുടെ രക്ഷാധികാരി) എന്നും കൂടി വിളിച്ചിരുന്നു. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ടുകൊണ്ട് യുദ്ധങ്ങൾക്കുപുറപ്പെടുന്ന ഒരു പാരമ്പര്യം തന്നെ യവനാക്കാരുടെ ഇടയിൽ ഉണ്ടായിരുന്നു.

ഗീവറുഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ പലയുദ്ധങ്ങളും വിജയിക്കുകയും അനേകം അതിശയങ്ങൾ നടക്കുകയും ചെയ്തിട്ടുള്ളതായി ഗ്രീക്ക് സഭയുടെ ചരിത്രകാരന്മാർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. എക്കാലവും തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ അദ്ദേഹം നമ്മെ സഹായിക്കും. പ്രതികൂല സാഹചര്യങ്ങളിൽ നമ്മുടെ സഹായകനായി അദ്ദേഹം എപ്പോഴും എത്തിച്ചേരുന്നു. ഇന്നും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ രോഗികൾ സൗഖ്യം പ്രാപിക്കുന്നു. ദമ്പതികൾക്ക് സന്താനലബ്ധി ഉണ്ടാകുന്നു. ജോലി ഇല്ലാതെ ഉഴലുന്നവർക്ക് ജീവിതമാർഗ്ഗം തുറന്നുകിട്ടുന്നു. ക്ലേശങ്ങൾ ലഘൂകരിക്കുന്നു. ഇങ്ങനെ എണ്ണമില്ലാതെ നിത്യേന സംഭവിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് ജനലക്ഷങ്ങൾ ഇന്നും സാക്ഷികളാണ്.

ഇതോടൊപ്പം ഒരുകാര്യംകൂടി നമ്മുടെ ശ്രദ്ധയിലേക്കു വരേണ്ടിയിരിക്കുന്നു. അതായത്, പരിശുദ്ധന്മാരുടെ ശക്തി കാലങ്ങൾക്കും സമയങ്ങൾക്കും അതീതമാണ്. അവരുടെ മദ്ധ്യസ്ഥതയും, അനുഗ്രഹങ്ങളും എവിടെയും എപ്പോഴും ലഭ്യമാണ്. അതെ, സങ്കീർത്തനക്കാരനും നമ്മെ ഓർമ്മിപ്പിക്കുന്നു. യഹോവയുടെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ പ്രാർത്ഥനയ്ക്കും തുറന്നിരിക്കുന്നു (സങ്കീ. 34:15). ആകയാൽ വി. ഗീവറുഗീസ് സഹദായുടെ മദ്ധ്യസ്ഥതയിലും നമുക്ക് പ്രത്യാശയോടെ അഭയം പ്രാപിക്കാം. തന്നെ അഭയം പ്രാപിക്കുന്നവരെ താൻ കൈവെടിയുകയില്ലയെന്നുള്ളതിന്റെ പ്രത്യക്ഷമായ തെളിവാണല്ലോ അദ്ദേഹത്തിന്റെ പെരുന്നാൾ ദിനങ്ങളിലും മററും അദ്ദേഹത്തിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പള്ളികളിലുണ്ടാകുന്ന അത്യഅപൂർവ്വമായ ഭക്തജനങ്ങളുടെ ഒരുമിച്ചുചേരൽ.



H.H. BASELIOS DIDYMOS 1
Heavenly abode on 26th May 2014

**1st Ormma perunnal May 29**
Holy Qurbana and Commemoration service will be on 29th May Friday. Nercha will also be served

**Feast of Ascension Swargarohana Perunnal May 13**
The Holy Qurbana & Special service will be on 13th May Wednesday at 6: 30 pm ACE's Hall Abbasiya

**Feast of Penticost Penticosti Perunnal May 24**
The Holy Qurbana & Special service will be on 24th May Sunday at 6: 30 pm ACE's Hall Abbasiya

**Schedule of Worship : Venue - ACE's Hall , Near Subway Rest., Abbasiya**
Every Friday Holy Qurbana - 6:30 am - 9 am. **(Morning Service)**
Every Sunday Holy Qurbana - 6:30 pm to 8:30 pm **(Evening Service)**
**Holy Qurbana on 2nd Saturday (09-05-15) 7:00 am to 9:00 am (NECK South Tent)**

**Birthday & Wedding Anniversary** : The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of May. (Special prayer is offered in Holy Qurbana for them.)

**Free Transportation Facility** : To & fro free transporation facility is available to all who attend the Holy Qurbana of SSIOC at ACE Hall, Abbasiya.
*Contact Details :* Mr. Cherian V.T. (Farwaniya & Khaitan) : 99285095
Mr. Joby Chacko. (Hawally & Salmiya) : 55005114
**Parish Trustee : Mr. Raju K. : 99476337, Parish Secretary : Mr. Binu Thomas : 50166267**

For private circulation only

## വിശുദ്ധ കുർബ്ബാന ഒരു ലഘുപഠനം

**വി. കുർബാന പുതിയനിയമത്തിൽ**

അന്ത്യ അത്താഴസമയത്ത് മാളികയിൽവച്ച് കർത്താവ് വി. കുർബാന സ്ഥാപിച്ചുവെന്ന് സമവീക്ഷണ സുവിശേഷകരും, വി. പൗലോസും രേഖപ്പെടുത്തുന്നു. (മത്താ. 26:26-30, മർക്കോ 22:15 20; ലൂക്കോ 22: 15-20; 1കൊരി 11:23-26). വി. യോഹന്നാന്റെ സുവിശേഷത്തിൽ വി. കുർബാന സ്ഥാപനത്തെപ്പററി പ്രത്യേകം വിവരിക്കുന്നില്ല. അന്ത്യഅത്താഴം ഒരു പെസഹാ ഭക്ഷണമായിരുന്നു വെന്ന് സമവീക്ഷണ സുവിശേഷങ്ങൾ എടുത്തുകാണിക്കുന്നു (മർക്കോ 14:12; മത്താ26:16; ലൂക്കോ 22:7). അത്താഴസമയത്തു ഞാൻ കഷ്ടം അനുഭവിക്കും മുമ്പെ ഈ പെസഹാ നിങ്ങളോടുകൂടെ ഭക്ഷിപ്പാൻ വാഞ്ഛയോടെ ആഗ്രഹിച്ചു എന്നു കർത്താവു പറഞ്ഞതായി ലൂക്കോസ് രേഖപ്പെടുത്തുന്നുണ്ട് (ലൂക്കൊ 22:15). പെസഹാ ഭക്ഷണത്തിന്റെ സമയത്തു കർത്താവ് അപ്പവീഞ്ഞുകൾ വാഴ്ത്തി ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് വി. കുർബാന സ്ഥാപിച്ചു എന്നാണ് ആദ്യത്തെ സുവിശേഷങ്ങൾ സാക്ഷിക്കുന്നത്. എന്നാൽ അന്ത്യ അത്താഴം, പെസഹാ അല്ലായിരുന്നുവെന്നു സംശയം ജനിപ്പിക്കത്തക്ക ചില തെളിവുകൾ പുതിയനിയമത്തിൽ ഉണ്ട്. ഉദാഹരണമായി യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് കർത്താവിന്റെ ക്രൂശാരോഹണം യഹൂദന്മാരുടെ പെസഹായ്ക്കു മുമ്പായിരുന്നു എന്ന് അനുമാനിക്കാം (യോഹ 13:1, 18:25; 19:14,31).വി. കുർബാന സ്ഥാപനത്തെപ്പററി യോഹന്നാൻ വിശദമായി പ്രതികരിക്കുന്നില്ലെങ്കിലും, പെസഹാപെരുന്നാളിനു മുമ്പായി കർത്താവു ശിഷ്യന്മാരുമായി ഒരു അത്താഴം കഴിച്ചു എന്നു പറയുന്നുണ്ട് (യോഹ 13:1-2). അപ്പോൾ വി. കുർബാന സ്ഥാപനം പെസഹായ്ക്കു മുമ്പുള്ള ഈ അത്താഴസമയത്തു നടന്നു എന്നുവേണം അനുമാനിക്കാൻ. വി. പൗലോസ് കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്ത് സ്തോത്രം ചൊല്ലി നുറുക്കി.... എന്നു രേഖപെടുത്തുന്നതല്ലാതെ, പെസഹാപെരുന്നാളിലാണു വി. കുർബാന സ്ഥാപനം നടന്നതെന്നു പറയുന്നില്ല. ഇതിൽനിന്നും വി. കുർബാന സ്ഥാപനത്തെപ്പററി പുതിയനിയമ കാലത്ത് രണ്ടു പാരമ്പര്യങ്ങൾ നിലവിലിരുന്നു എന്നു മനസ്സിലാക്കാം. 1. സമവീക്ഷണ സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു. കർത്താവു യഹൂദന്മാരുടെ പെസഹാ പെരുന്നാളിന്റെ ദിവസം അന്ത്യ അത്താഴം കഴിച്ച്, വി.കുർബാന സ്ഥാപിച്ചു. 2. യോഹന്നാന്റെ സുവിശേഷമനുസരിച്ച് പെസഹായ്ക്ക് മുമ്പ് കർത്താവ് അന്ത്യ അത്താഴം കഴിച്ചു. യോഹന്നാന്റെ പാരമ്പര്യമാണ് ആദിമസഭയിൽ പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് ഓർത്തഡോക്സ് സഭകൾ വിശുദ്ധ കുർബാനയിൽ പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്നത്. യഹൂദപെസഹാ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളാണ്. പുളിപ്പിന്റെ നേരിയ അംശംപോലും വീടുകളിൽനിന്നും എടുത്തുമാററി, ഒട്ടും പുളിപ്പില്ലാത്ത അപ്പമാണ് പെസഹാ പെരുന്നാളിൽ യഹൂദന്മാർ ഭക്ഷിച്ചിരിന്നത്. പെസഹാപെരുന്നാളിലാണു വി. കുർബാന സ്ഥാപിച്ചതെങ്കിൽ തീർച്ചയായും പുളിപ്പില്ലാത്ത അപ്പമായിരിക്കണം കർത്താവ് വാഴ്ത്തിയത്. എന്നാൽ ആദിമ നൂററാണ്ടുകളിൽ ഒരു ക്രിസ്തീയ സഭപോലും പുളിപ്പില്ലാത്ത അപ്പം വി. കുർബാനയ്ക്ക് ഉപയോഗിച്ചതായി തെളിവുകൾ ഇല്ല. റോമൻ കത്തോലിക്ക സഭയിൽ പുളിപ്പില്ലാത്ത അപ്പം വി. കുർബാനയ്ക്ക് ഉപയോഗിച്ച് തുടങ്ങിയതു നാലാം നൂററാണ്ടിനുശേഷമാണ്.

കർത്താവ് കഴിച്ച അന്ത്യാഅത്താഴം പെസഹാ അല്ലായിരുന്നു. കിദ്ദുഷ് ഭക്ഷണമായിരുന്നു വെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ശാബത്തിനു മുമ്പോ, വലിയ പെരുന്നാളു കൾക്കു മുമ്പോ യഹൂദ ഭവനങ്ങളിൽ പ്രാർത്ഥനയോടുകൂടി കഴിച്ചിരുന്ന അത്താഴമാണ് കിദ്ദുഷ്.മറെറാരഭിപ്രായപ്രകാരം അന്ത്യാഅത്താഴം ഒരു ഖബൂറാ ഭക്ഷണമായിരുന്നു. ഹീബ്രുവിൽ 'ഖബർ' എന്ന വാക്കിന് 'സ്നേഹിതൻ' എന്നാണർത്ഥം. വെള്ളിയാഴ്ച്ച സന്ധ്യയ്ക്കോ, മററു വിശേഷാവസരങ്ങളിലോ സ്നേഹിതന്മാർ ഒരുമിച്ചുകൂടി നടത്തിയിരുന്ന അത്താഴമായിരുന്നു ഇത്. നീസാൻ മാസം 14-ാം തീയതി അസ്തമിച്ചു കഴിഞ്ഞ് 15-ാം തീയതിയുടെ ആരംഭത്തിൽ കർത്താവു പെസഹാ കഴിക്കുകയും പിറേറദിവസം അസ്തമനത്തിനു മുമ്പായി താൻ കുരിശിൽ മരിക്കുകയും ചെയ്തു എന്നാണ് ആദ്യത്തെ മൂന്നു സുവിശേഷകന്മാർ രേഖപ്പെടുത്തുന്നത്. യോഹന്നാന്റെ സുവിശേഷമനുസരിച്ച് ഇതിനു 24 മണിക്കൂർ മുമ്പ് കർത്താവിന്റെ അന്ത്യ അത്താഴം കഴിഞ്ഞു. അതായത് നീസാൻ മാസം 13-ാം തീയതി അസ്തമിച്ചു കഴിഞ്ഞ് 14-ാം തീയതിയുടെ ആരംഭത്തിൽ കർത്താവ് അത്താഴം കഴിച്ചിരിക്കണം. നീസാൻ മാസം 14-ാം തീയതി ഉച്ചതിരിഞ്ഞ് പെസഹാകുഞ്ഞാടിനെ യഹൂദന്മാർ യെരുശലേം ദേവാലയത്തിൽ അറക്കുന്ന സമയത്തു ദൈവത്തന്റെ കുഞ്ഞാട് കുരിശിന്മേൽ അറുക്കപ്പെട്ടു. നമ്മുടെ പെസഹാക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നെ (1കൊരി 5:7) എന്നു വി. പൗലോസ് രേഖപ്പെടുത്തുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ യോഹന്നാന്റെ പാരമ്പര്യമായിരിക്കണം ഉണ്ടായിരുന്നത്. കർത്താവ് ഏതു ദിവസം വി. കുർബാന സ്ഥാപിച്ചു എന്ന ചോദ്യത്തെക്കാൾ പ്രധാനം, വി. കുർബാന സ്ഥാപിച്ച് തന്റെ ശരീരവും രക്തവുമായി ശിഷ്യന്മാർക്കു നൽകിയപ്പോൾ താൻ ദൈവത്തിന്റെ പെസഹക്കുഞ്ഞാടാണ് എന്ന സത്യം അവരെ പഠിപ്പിക്കുകയായിരുന്നു. വി. കുർബാന യഹൂദ പെസഹായുടെ പിന്തുർച്ചയല്ല. നേരെമറിച്ചു ക്രിസ്തീയ പെസഹയാണ്. ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ അറുക്കുന്ന പുതിയ പെസഹയാണ്.

**വി. കുർബാന അപ്പൊസ്തോല പ്രവൃത്തികളിലും പൗലോസിന്റെ ലേഖനങ്ങളിലും**

അപ്പൊസ്തോല പ്രവൃത്തികളിൽ അപ്പം നുറുക്കുക എന്നാണ് വി. കുർബാനയെപ്പററി പരാമർശിക്കുന്നത് (അ. പ്ര 2:42, 46:; 20:7). ഞായറാഴ്ച്ചയിലെ കൂടിവരവിന്റെ ഉദ്ദേശ്യം തന്നെ അപ്പം നുറുക്കൽ ആയിരുന്നു (അ. പ്ര. 20:7). കർത്താവിന്റെ മരണത്തെ ലോകത്തിനു കാണിച്ചുകൊടുക്കയായിരുന്നു അപ്പം നുറുക്കലിന്റെ ഉദ്ദേശ്യമെന്ന് വി. പൗലോസ് പറയുന്നു (1 കൊരി. 11:26). വാഴ്ത്തിയ അപ്പവീഞ്ഞുകൾ കർത്താവിന്റെ ശരീര രക്തങ്ങൾ ആകകൊണ്ട് അവയഎ സ്വീകരിക്കുന്നതു തന്നെത്താൻ ശോധനചെയ്തിട്ടുവേണം എന്നു പൗലോസ് അനുശാസിക്കുന്നു. അപ്പവീഞ്ഞുകളിലൂടെ ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലും വിശ്വാസികൾ പങ്കാളികൾ ആകുന്നു; ഒരപ്പത്തിലെ പങ്കാളിത്തത്തിലൂടെ വിശ്വാസികൾ ഒരു ശരീരം ആയിത്തീരുന്നു (1 കൊരി 10:16,17).

**വി. കുർബാന പുതിയനിയമ സഭയിലുള്ള സ്ഥാനം.**

ക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേററ ക്രിസ്തുവിന്റെ സാന്നിദ്ധ്യം തങ്ങളുടെ മധ്യത്തിൽ ആദിമ ക്രൈസ്തവർ അനുഭവിച്ചറിഞ്ഞത് വി. കുർബാനയിലൂടെയാണ്. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരുടെ അനുഭവത്തിൽ നിന്നും ഇതു വ്യക്തമാണ് (ലൂക്കോ 24). വഴിയാത്രക്കാരനെന്ന നിലയിൽ രണ്ടു ശിഷ്യന്മാരെ ക്രിസ്തു അനുധാവനം ചെയ്യുന്നു. അവരെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു. ഉടനെ അവരുടെ കണ്ണു തുറന്ന് അവർ അവനെ അറിഞ്ഞു (24:30). ക്രിസ്തുവിന്റെ സജീവ സാന്നിദ്ധ്യം അവർ ദർശിച്ചത് വി. കുർബാനയ്ക്കുള്ള കൂടിവരവിലൂടെയായിരുന്നു. (i)കർത്താവിന്റെ ശരീരക്തങ്ങളിലുള്ള പങ്കാളിത്തത്തിലൂടെ തങ്ങൾ ഒരൊററ ശരീരമാണ് എന്ന ബോധം ആദിമസഭാംഗങ്ങൾക്ക് ഉണ്ടായിരുന്നു. (ii) അപ്പവീഞ്ഞുകൾ കർത്താവിന്റെ ശരീരവും രക്തവും ആയിത്തീരുന്നതുകൊണ്ട് ഒരുക്കത്തോടുകൂടിവേണം അവ സ്വീകരിക്കുവാൻ എന്ന് പുതിയനിയമസഭ വിശ്വസിച്ചിരുന്നു (1 കൊരി 10:2730).

## THE STUDY OF SACRAMENTS - HOLY BAPTISM (... Cont)

**Blessing of water: Pouring of Myron**

After making the sign of the cross over the water, the Holy Spirit is invoked similar to the Holy Qurbana . just as the celebrant waves his hands over the bread and wine, similarly during baptism too the celebrant does the same. The prayer that is recited brings to the fore the true meaning of baptism.

*"O Lord God almighty, hallow these waters and make them waters of refreshment, waters of happiness and rejoicing, waters which symbolize the Death and Resurrection of Your Only Begotten son, and waters of sanctification. Hallow these waters for the purification of the defilements of the body and soul, for the releasing from all bondage, for the remission of sins, and for the enlightenment of soul and body. Hallow these waters for the washing of rebirth, for the gift of adoption as son of God, for the robe of incorruption, and for the renewal by Your Holy Spirit.*

The prayer first invokes the Holy spirit to bless the water. Just as in the beginning the Holy Spirit brooded over the water similarly in baptism to the catechumen receives a new birth. Just as the Holy Spirit came upon Jesus Christ in baptism too the catechumen is made the child of God. The water that signifies death, through baptism becomes the water of comfort (Ps 23:2)

Following this Holy Myron is poured in the font in the form of a cross. Pouring of the Holy Myron in such a manner can also be seen in Syrian Antiochian tradition. Dionysius the Areopagite (c.500) is the first church father to write on this. It can be proved that this practice existed in the second century. As per St. Irenaus (2 century) the Gnostics pour a concoction of water and olive oil on the baptized head. Scholars believe that the Gnostics followed the popular practice of the Roman Catholics in this context.

Moses Bar-Kepha writes on its significance:

*"The Holy Myron that is poured in the water signifies the Holy Spirit. Just as before the creation, the spirit of God brooded over the water and granted it life potency, similarly through the Myron, mankind is granted the blessing to bear forth spiritual off spring's worthy of the Kingdom of God".*

Holy Myron is used in the baptismal water to ensure the presence of the Holy Spirit. In the Syrian tradition, Holy Myron represents Holy Spirit. The pouring of Myron in the baptismal water is due to the sureity of rebirth through water and Spirit.

As per the Order of St. Severius , after the anointing of the water, the body of the Catechumen is smeared with Holy Oil. But this anointing is not to be seen in the Pambakuda text. When the Order of Bar Hebraeus was re-edited, the rite of anointing the whole body with Holy Oil seems to have been left out. In almost all interpretations of Baptism, we can see this rite being followed.

**Baptism through water**

The Catechumen is placed in the baptismal font facing the east. The celebrant stands on the eastern side facing the west thereby standing face to face with the catechumen. The celebrant places his right hand on the Catechumen's head and with his left hand pours water on his / her head. The celebrant does so, by taking water from front side of the Catechumen, then from behind the Catechumen. The same procedure is repeated on the right and left side of the child too. The celebrant does so in the form of a cross.

Before the fall of Adam, paradise stood facing to the east. So the Catechumen is positioned facing the east. This fact is revealed by Moses Bar-Kepha. He continues to say the priest laying his right hand on the Catechumen's head signifies God creating Adam with his own hands and St. John the Baptist his hand on Christ Baptize Him in Jordan.

In the Alexandrian Church, and other Eastern Churches, at the time of Baptism the celebrant recites the prayers: "I baptize thee…"whereas in Syrian tradition more emphasis is given on the Catechumen's name. St. John Chrysostom provides us with the reason.

When the celebrant says that such and such person is getting baptized it means that the baptized is the sole recipient of the divine blessings and that the baptized plays a significant role. The Father, the son and the Holy Spirit, the inseparable Trinity consummate all this.

Cont...

## വി. ഗീവർഗീസ് സഹദാ മദ്ധ്യസ്ഥന്മാരിൽ ശ്രേഷ്ഠൻ

മനുഷ്യന് ദൈവത്തോട് അടുക്കുന്നതിനും, ദൈവത്തിനു മനുഷ്യരോടു സംസർഗ്ഗം ചെയ്യുന്നതിനും ചില മദ്ധ്യവർത്തികളെ ലോകാരംഭം മുതൽക്കുതന്നെ ഉപയോഗിച്ചിരുന്നതായിട്ടാണ് വി. വേദപുസ്തകത്തിൽ ഉടനീളം നമുക്ക് കാണുവാൻ കഴിയുന്നത്. ദൈവത്തിനും മനുഷ്യനും, മദ്ധ്യത്തിൽനിൽക്കുന്ന മദ്ധ്യസ്ഥന്മാരായി പുരോഹിതന്മാരെയും, പ്രവാചകന്മാരെയും ഒക്കെ വി. വേദപുസ്തകം ചിത്രീകരിക്കുന്നു. വലിയവനായ മോശയെ ന്യായപ്രമാണത്തിന്റെ മദ്ധ്യസ്ഥനായിട്ടാണല്ലോ ഗലാത്യലേഖനത്തിൽ കാണുന്നത്. ന്യായപ്രമാണം.... ദൂതന്മാർ മുഖാന്തിരം (മോശ എന്ന) മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതുമത്രെ (ഗലാ 3:19). ആയതുപോലെ യേശുക്രിസ്തുവിനെ ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള ഏക മദ്ധ്യസ്ഥനായും 1 തിമോ 2:5 ൽ പ്രസ്താവിച്ചിരിക്കുന്നതായും കാണാം. ദൈവം ഒരുവനല്ലോ! ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ. എല്ലാവർക്കും വേണ്ടി മറുവിലയായി തന്നത്താൻ കൊടുത്ത മനുഷ്യനായ് ക്രിസ്തു തന്നെ.

ലോകാരാംഭം മുതൽ ഇന്നുവരെയും കാണപ്പെടുന്ന മദ്ധ്യസ്ഥന്മാരിൽ നിന്നും യേശുക്രിസ്തു എന്ന ഏക മദ്ധ്യസ്ഥനുള്ള പ്രത്യേകതയാണല്ലോ അവിടെ ഊന്നിപ്പറയുന്നത്. മനുഷ്യജാതിയുടെ പാപത്തിന് മറുവില നൽകുവാൻ മനുഷ്യരാൽ അസാദ്ധ്യമാണ്. അതു നൽകുവാൻ സ്വർഗ്ഗസ്ഥ പിതാവാം ദൈവത്താൽ നിയമിക്കപ്പെട്ടവൻ ആരോ ആ ഏകജാതനായ പുത്രൻതമ്പുരാനു മാത്രമെ അതിനുസാധിക്കുകയുള്ളു. ഇതാണ് വിശുദ്ധ വേദപുസ്തകത്തിൽ ചിത്രീകരിക്കുന്ന മററ് മദ്ധ്യസ്ഥന്മാരിൽ നിന്നും വേറിട്ടു നിൽക്കുന്ന യേശുക്രിസ്തു എന്ന മദ്ധ്യസ്ഥന്റെ പ്രത്യേകത.

മദ്ധ്യസ്ഥന്മാരായ വിശുദ്ധരെക്കുറിച്ച് തികഞ്ഞ വേദശാസ്ത്രജ്ഞനായ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ അഭിപ്രായം.

ദൈവമാതാവാണ് പരിശുദ്ധന്മാരിൽ ശ്രേഷ്ഠയെന്ന് എല്ലാ പുരാതന സഭകളും അംഗീകരിക്കുന്നു. ശ്രേഷ്ഠതയ്ക്കുതന്നെ പല ശ്രേണികൾ ഉണ്ട് എന്നു നമുക്കറിയാം. സമ്പൂർണ്ണ പരിശുദ്ധൻ യേശുക്രിസ്തുമാത്രമാണല്ലോ. അവൻ സത്യദൈവത്തിൽ നിന്നുമുള്ള സത്യദൈവവും, പൂർണ്ണ ദൈവവും, പൂർണ്ണ മനുഷ്യനുമാണ്. ആ പരിശുദ്ധനിൽകൂടി മാത്രമാണ് ബാക്കിയുള്ള എല്ലാ പരിശുദ്ധന്മാരും ദൈവത്തോടു പ്രാർത്ഥിക്കുന്നത്.

മദ്ധ്യസ്ഥൻ ആരായിരുന്നാലും അവരുടെ കർത്തവ്യങ്ങളിൽ പ്രഥമസ്ഥാനം മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കാണ് എന്നോർക്കുക. അബ്രഹാം എന്ന വിശ്വാസികളുടെ പിതാവ് സോദോം ദേശത്തിനും അവിടെ താമസിച്ചിരുന്ന തന്റെ സഹോദരപുത്രനായ ലോത്തിനും വേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നതായി ഉല്പ. 18:22-23 ... വാക്യങ്ങളിൽ കാണാമല്ലോ. മോശയും, ശമുവേലും യിസ്രായേൽ ജനതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതായും പുറ. 32:30-34; 1 ശമു 7:8-12 എന്നീ ഭാഗങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. യേശു തന്റെ പീഢാനുഭവത്തിനുമുമ്പ് തന്റെ ശിഷ്യന്മാർക്കുവേണ്ടിയും അവരുടെ പിൻതലമുറകൾക്കുവേണ്ടിയും കഴിക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനയാണല്ലോ യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായത്തിൽ കാണുന്നത്. ആകയാൽ കർത്താവിന്റെ മഹാ പുരോഹിത പ്രാർത്ഥന എന്ന പേരിലാണ് ഈ അദ്ധ്യായം അറിയപ്പെടുന്നതു തന്നെ. എന്നു മാത്രമല്ല, പിതാവാം ദൈവത്തിന്റെ വലതുഭാഗത്തിരുന്നുകൊണ്ട് സർവ്വലോകത്തിനും വേണ്ടി ഇപ്പോഴും താൻ മദ്ധ്യസ്ഥത നടത്തുന്നുവെന്ന് പൗലോസ് അപ്പൊസ്തോലനും സാക്ഷിക്കുന്നു. അതുകൊണ്ട് താൻ മുഖാന്തിരമായി ദൈവത്തോട് അടുക്കുന്നവനുവേണ്ടി പക്ഷപാതം ചെയ്യുവാൻ സദാ ജീവിക്കുന്നതാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു (റോമ8:34; എബ്രാ 7:25).

കൂടാതെ എന്റെ നാമത്തിൽ നിങ്ങൾ എന്നോട് അപേക്ഷിക്കുന്നതൊക്കെയും ഞാൻ അത് നിങ്ങൾക്ക് ചെയ്തുതരും (യോഹ 14:14) എന്ന് തന്റെ ശിഷ്യന്മാർക്ക് താൻ വാഗ്ദത്തം കൊടുത്തിട്ടുമുണ്ടല്ലോ. വീണ്ടും യോഹ 6:37 ലും പിതാവ് എനിക്കുതരുന്നതൊക്കെയും എന്റെ അടുക്കൽ വരും എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല എന്നും നാം വായിക്കുന്നുണ്ട്.

പരിശുദ്ധന്മാരുടെ ശ്രേണിയിലേക്ക് ഉയർത്തപെട്ടവരുടെ, മദ്ധ്യസ്ഥന്മാരുടെ മറെറാരു പ്രത്യേകത അവരുടെ ദൗത്യം ഈ ലോകം കൊണ്ട് അവസാനിക്കുന്ന ഒന്നല്ല; പിന്നെയോ, അവർ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ചെയ്തിരുന്നതുപോലെതന്നെ പിന്നീടും ദൈവസന്നിധിയിൽ മദ്ധ്യസ്ഥരായി എക്കാലവും വർത്തിക്കും എന്നുള്ളതാണ്. അതാണല്ലോ 2 രാജാ 13:20,21 വാക്യങ്ങളിൽ കൂടി വ്യക്തമാകുന്നത്. വാങ്ങിപ്പോയ വ്യക്തിയാണല്ലോ, എലീശ പ്രവാചകൻ. അദ്ദേഹത്തിന്റെ അസ്ഥികളിന്മേൽ തൊട്ടപ്പോൾ മരിച്ചവൻ ഉയിർത്തെഴുന്നേററത്, താൻ ഇപ്പോഴും ദൈവസന്നിധിയിൽ മദ്ധ്യസ്ഥനായി വർത്തിക്കുന്നതുകൊണ്ടാണ്. വി. മാമോദീസാ സ്വീകരിച്ചിട്ടുള്ള എല്ലാ വിശ്വാസികളും വിശുദ്ധന്മാരാകുന്നുവെന്ന് വി. വേദപുസ്തകം സാക്ഷിക്കുന്നുണ്ട്. എങ്കിലും ഓർത്തഡോക്സ് സഭ പരിശുദ്ധ കന്യകമറിയാമിനേയും അപ്പോസ്തോലന്മാരേയും അവരോടൊപ്പം നാലു വിഭാഗത്തിലുള്ള ആളുകളെയും മാത്രമെ പരിശുദ്ധന്മാരായി വണങ്ങിവന്നിരുന്നുള്ളുവെന്ന് സഭാചരിത്രം നമ്മെ പഠിപ്പിക്കുന്നു. ആ നാലുവിഭാഗങ്ങൾ താഴെപ്പറയുന്നവയാണ്.

Cont... on next page